മണൽവാരൽ നിയന്ത്രിക്കുന്നതിന് വിദഗ്ദ്ധ സമിതി

11 (*418) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മണൽവാരൽ സംബന്ധിച്ച കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഒരു സ്ഥിരം വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിന് കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശമനുസരിച്ചുള്ള സമിതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും അതിന്റെ ചുമതലകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) സമിതി എത്ര തവണ യോഗം ചേർന്നുവെന്നും മലിനീകരണ നിയന്ത്രണ ബോർഡിന് യോഗവിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. നദികളിലേയും മറ്റു പ്രദേശങ്ങളിലേയും മണൽവാരലും മറ്റ് അനുബന്ധ നടപടികൾ മൂലവും ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ ലഘൂകരിക്കുവാൻ വേണ്ടി സംസ്ഥാനമൊട്ടാകെയുള്ള മണൽ ഖനന/വാരൽ നടപടികളെക്കുറിച്ച് ശുപാർശ നൽകുകയെന്നതാണ് ഈ കമ്മിറ്റിയുടെ ഉദ്ദേശം. ഈ കമ്മിറ്റിയുടെ പ്രവർത്തനം നിലവിലുള്ള റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല. ഈ സമിതി കുറഞ്ഞത് ഓരോ നാല് മാസത്തിൽ ഒരിക്കലെങ്കിലും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്.

(സി) 24-5-2000-ലെ സർക്കാർ ഉത്തരവനുസരിച്ച് രൂപീകരിച്ച കമ്മിറ്റിയുടെ യോഗം 7-8-2000-ൽ കൂടാൻ നിശ്ചയിച്ചിട്ടുണ്ട്.

ഭൂഉടമാവകാശം സംബന്ധിച്ച കേസുകളിലെ കാലതാമസം ഒഴിവാക്കാൻ നടപടി

12 (*419) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച കേസുകൾ തീർപ്പാക്കാതെ നീണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly